# നെഹ്റുട്രോഫി മൊബൈൽ ആപ്ലിക്കേഷൻ മന്ത്രി റ്റി.എം.തോമസ് ഐസക്ക് പുറത്തിറക്കി

ചരിത്ര പ്രസിദ്ധമായ നെഹ്റി ട്രോഫി വള്ളംകളിയുടെ മൊബൈൽ ആപ്ലിക്കേഷൻ കളക്ട്രേറ്റിൽ നടന്ന എൻ.ടി.ബി.ആർ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ വച്ച് ധനകാര്യ മന്ത്രി ഡോ.റ്റി.എം.തോമസ് ഐസക്ക് പുറത്തിറക്കി. വള്ളം കളിയെക്കുറിച്ചുള്ള വിവരങ്ങൾ ഇനി മുതൽ മൊബൈലിലും ലഭിക്കും.ആൻഡ്രോയ്ഡ് ഫോണുകളിലാണ് ഈ സേവനം ലഭിക്കുക.ഗൂഗിൽ പ്ലേ സ്റ്റോറിൽ 'NTBR, Nehru Trophy, Nehrutrophy, Nehru Trophy Boat Race' എന്നീ പദങ്ങൾ തെരഞ്ഞാൽ വള്ളംകളിയുടെ മൊബൈൽ ആപ്ലിക്കേഷൻ മൊബൈലിൽ ഡൗൺ ലോഡ് ചെയ്യാം. നെഹ്റു ട്രോഫിയുടെ ഉത്ഭവം, ചരിത്രം ,ദൃശ്യങ്ങൾ, ടിക്കറ്റിനെ സംബന്ധിച്ച വിവരങ്ങൾ, ഹോട്ടലുകൾ ,മറ്റ് അവശ്യവിവരങ്ങൾ എന്നിവ കൂടാതെ വള്ളംകളി കാണുന്നവർക്ക് സന്ദർശിക്കാവുന്ന വിനോദ സഞ്ചാര സ്ഥലങ്ങളെക്കുറിച്ചും വിനോദോപാധികളെക്കുറിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. മോബൈൽ വഴി ടിക്കറ്റ് എടുക്കുന്നതിനുള്ള സൗകര്യവും അധികം വൈകാതെ ലഭ്യമാകും. ജില്ലയിലെ നാഷണൽ ഇൻഫോമാറ്റിക്സ് സെന്ററുമായി സഹകരിച്ച് കണ്ണൂർ എൻ.ഐ.സി.യാണ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളത്.

(പി.എൻ.എ. 1233/16)